WEDNESDAY 04/06/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: SINDHU.K.S Editor: Dr. Binu Harriet Ivan



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/06/2025

1. പ്രകൃതി പാഠം' പദ്ധതി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാനത്തെ കർഷകർക്കായി നടപ്പിലാക്കുന്ന 'പ്രകൃതി പാഠം' പദ്ധതി ജൂൺ 4ന് രാവിലെ 10 മണിക്ക് വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ കൂത്തമ്പലത്തിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. വി. കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനാകും. പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കർഷകരും ശാസ്ത്രജ്ഞരും സന്നദ്ധപ്രവർത്തകരും ഒരുമിക്കുന്ന ആശയവിനിമയ സദസ്സ് സംഘടിപ്പിക്കുകയാണ് ലക്ഷ്യം. കർഷകരുടെയും ശാസ്ത്രജ്ഞരുടെയും ആശയ കൈമാറ്റം എന്നതിലുപരി കർഷകരുടെയും ശാസ്ത്രജ്ഞരുടെയും പ്രകൃതി സംരക്ഷണ കൂട്ടായ്മ രൂപപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

2. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ താഴെ പറയുന്ന തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കേരശ്രീ തെങ്ങിൻ തൈകൾ 325 രൂപ, മോഹിത്നഗർ കവുങ്ങിൻ തൈകൾ 35രൂപ, പന്നിയൂർ-1 കുരുമുളകുവള്ളികൾ 12 രൂപ, ഹൈബ്രിഡ്ചെണ്ടുമല്ലി തൈകൾ 5 രൂപ കൂടുതൽ വിവരങ്ങൾക്കായി ഫോൺ നമ്പർ 0487-2370726.

3. സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിൻ്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയായ ട്രീ ബാങ്കിംഗ് പദ്ധതിക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ജില്ലയിൽ സ്വന്തമായി ഭൂമിയുള്ളവർക്കും കുറഞ്ഞത് 15 വർഷം ലീസിന് ഭൂമി കൈവശമുള്ളവർക്കും ഭൂമിയുമായി ബന്ധപ്പെട്ട രേഖകളുമായി ആലപ്പുഴ, ചെങ്ങന്നൂർ സോഷ്യൽഫോറസ്ട്രി റെയിഞ്ച് ഓഫീസുകളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യാം. സർക്കാർ നിശ്ചയിച്ചിട്ടുള്ള വൃക്ഷതൈകളായ ചന്ദനം, തേക്ക്, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൾ, കരിമരുത്, കമ്പകം, വെൺതേക്ക്, ഈട്ടി മുതലായ വൃക്ഷതൈകൾ നട്ട് വളർത്തുന്ന വ്യക്തികൾക്ക് തൈ നട്ട് മൂന്ന് വർഷം മുതൽ 15 വർഷം വരെ ധനസഹായം ലഭിക്കും. 15 വർഷം പൂർത്തിയായതിനു ശേഷം സ്ഥലം ഉടമയ്ക്ക് മരങ്ങൾ സോഷ്യൽ ഫോറസ്ട്രി ഓഫീസിൻ്റെ അനുമതിയോടെ ആവശ്യാനുസരണം മുറിച്ച് ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാം. അവസാന തീയതി ജൂൺ 20. വിശദവിവരങ്ങൾക്ക് കൊമ്മാടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ് 0477-2246034.

4. ദേശീയ കർഷക രജിസ്ട്രി -കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അഗ്രി സ്റ്റാക്ക് സംവിധാനത്തിൻ്റെ പിന്തുണയോടെ നടപ്പിലാക്കുന്ന കർഷകരുടെയും കൃഷി ഭൂമിയുടെയും ഏകീകൃത രജിസ്ട്രേഷൻ സംവിധാനം. രജിസ്റ്റർ ചെയ്ത കർഷകർക്ക് ആധാർ അധിഷ്ഠിത യൂണിഫൈഡ് ഫാർമർ സർവീസ് ഇൻ്റർഫേസ് (UFSI) സംവിധാനത്തിൽ ദേശീയ അംഗീകാരമുള്ള യുണീക്ക് ഐ.ഡി.കാർഡ് ലഭ്യമാക്കും. പി.എം. കിസാൻ ഗുണഭോക്താക്കളായ മുഴുവൻ കർഷകർക്കും തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. കർഷകർക്ക് അടുത്തുള്ള കൃഷി ഭവൻ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി 31.07.2025. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1800-425-1661

5. റബ്ബർതൈനടീലിനെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെൻ്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ജൂൺ 04 (ബുധനാഴ്ച) രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റൻ്റ് ഡെവലപ്മെൻ്റ് ഓഫീസർ, അനിത എസ്. മറുപടി പറയും കോൾസെന്റർ നമ്പർ 0481-2576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

7. കാർഷിക നിർദേശം

പടവലം വളർച്ചാഘട്ടം - പടവലത്തിൽ ഡൗണി മിൽഡ്യൂ രോഗത്തെ നിയന്ത്രിക്കാൻ മാങ്കോസെബ് 50 % 4 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ തളിക്കുക

തക്കാളി - തക്കാളിയിലെ കടചീയൽ രോഗത്തിനെതിരേ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളതിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

.